81 (999) ചൈനീസ് സാങ്കേതിക സഹായത്തോടെയുള്ള ജലവൈദ്യുത പദ്ധതികൾ

ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി എൻ.കെ. രാധ:
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ടി.കെ. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചൈനീസ് സാങ്കേതിക സഹായത്തോടെ ജല വൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ചൈനീസ് സാങ്കേതിക സഹായത്തോടെയുള്ള ഏതൊക്കെ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനമാണ് ആദ്യഘട്ടത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ചൈനീസ് സാങ്കേതികവിദ്യയുടെ സവിശേഷതകൾ എന്തൊക്കെ എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് ചൈനയിൽ നിന്ന് എന്തൊക്കെ സഹായങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യാനാവുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ചൈനീസ് സാങ്കേതിക സഹായത്തോടെ 18 ചെറുകിട ജല വൈദ്യുത പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ചെമ്പുകടവ് സ്റ്റേജ് - 1
ചെമ്പുകടവ് സ്റ്റേജ് - 11
ഉറുമി - 1
ഉറുമി - 11

എന്നിവയാണ് പൈലറ്റ് പ്രോജക്ടുകളായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത് ഇവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.

(സി) ചൈനയിൽ ചെറുകിട പദ്ധതികൾ വൻതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ ചെറുകിട പദ്ധതികൾ അത്ര പുരോഗതി ആർജ്ജിച്ചിട്ടില്ല. സ്റ്റാന്റേർഡൈസ് ചെയ്ത യന്ത്രോപകരണങ്ങൾ അവിടെ ലഭ്യമായതിനാൽ ചൈനയുടെ സഹായത്തോടെ പദ്ധതികൾ ദ്രുതഗതിയിൽ നടപ്പിലാക്കാൻ സാധിക്കും.

(ഡി) ചൈനയിൽ നിന്നും സാങ്കേതിക സഹായവും മെഷീനറികൾ ക്രഡിറ്റിൽ വാങ്ങാനും ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചെമ്പുകടവ്-1, 2000-ാം ആണ്ടോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

82 (991) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. വി.സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസം എത്രയെന്നറിയിക്കുമോ;

(ബി) ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കാൻ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ട്;

(സി) ഇതിലേക്ക് എത്രരൂപ ചെലവ് വരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനുതകുന്ന മിനി ഹൈഡൽ പ്രോജക്റ്റുകൾ ഏതെങ്കിലും വിദേശ ഏജൻസികളുടെ സഹായത്തോടെ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ഡിസംബറിലെ കണക്കനുസരിച്ച് ഉൽപ്പാദനവും ഉപഭോഗവും തമ്മിൽ പ്രതിദിനം ശരാശരി 8.73 മില്യൻ യൂണിറ്റ് വ്യത്യാസമുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നില്ല. സെൻട്രൽ ഗ്രിഡിൽ നിന്നും അർഹമായ വിഹിതം ലഭ്യമാക്കാൻ പര്യാപ്തമായ രീതിയിൽ നിയന്ത്രിച്ചാണ് ഉൽപ്പാദനം നടത്തുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചെന്നയിലെ എച്ച്.ഐ.സി.-എൽ.എസ്.എച്ച്.പി.യുടെ സാങ്കേതിക സഹായത്തോടെ കേരളത്തിൽ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ താഴെപ്പറയുന്ന നാല് പദ്ധതികൾ പൈലറ്റ് പ്രോജക്ടുകളായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. ചെമ്പുകടവ് - 1
2. ചെമ്പുകടവ് - 11
3. ഉറുമി - 1
4. ഉറുമി - 11

LIBRARY ARCHIVES Kerala Legislative Assembly